# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.433** **26.04.2017-ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തിന്റെ നികുതി വരുമാനം

| | ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നികുതി വരുമാനത്തിൽ എത്രശതമാനം വർദ്ധനവാണ് 2016-17 ലെ ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്നത്; | (എ) | 2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷം അവതരിപ്പിച്ച പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തെ തനത് നികുതി വരുമാനത്തിൽ 4.81% വർദ്ധനവ് ലക്ഷ്യമിട്ടിരുന്നു. |
| (ബി) | 31.3.2017 വരെ നികുതി വരുമാനത്തിൽ എത്ര വളർച്ച നേടുവാൻ കഴിഞ്ഞു; ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്ന വളർച്ച നേടുവാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.98% വളർച്ച നേടാൻ കഴിഞ്ഞു. സമ്പദ് വ്യവസ്ഥയിൽ പൊതുവിൽ നിലനിൽക്കുന്ന മാന്ദ്യവും നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധിയും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ഡിസംബർ മാസം വരെയുള്ള നികുതി വരുമാനത്തിലുള്ള വളർച്ചാ നിരക്ക് 8.98% ആണെങ്കിലും ഡിസംബർ മാസത്തെ വളർച്ചാ നിരക്ക് 2.35% ആയി കുറഞ്ഞിട്ടുണ്ട്. നോട്ട് അസാധുവാക്കൽ പ്രതിസന്ധിയാണ് വളർച്ചാ നിരക്ക് കുറയുന്നതിനുള്ള കാരണമായി വിലയിരുത്തുന്നത്. |

| | | | |
|---|---|---|---|
| (സി) | 2016 നവംബർ മാസത്തിനുശേഷം ഓരോ മാസവും നികുതി വരുമാനത്തിലുണ്ടായ വളർച്ച എത്രയാണ്; | (സി) & (ഡി) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ഡിസംബർ 31 വരെയുള്ള ഓരോ മാസവും ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു. |
| (ഡി) | നോട്ട് അസാധുവാക്കുന്നതിന് മുമ്പിലുള്ള ഓരോ മാസവും നികുതിവരുമാനത്തിലുണ്ടായ വർദ്ധനവ് എത്ര ശതമാനമായിരുന്നു? | | |

| മാസം | നികുതി വരുമാനം | |
|---|---|---|
| | 2015-16 (തുക കോടി രൂപയിൽ) | 2016-17 (തുക കോടി രൂപയിൽ) |
| ഏപ്രിൽ | 2534.23 | 2199.63 |
| മേയ് | 3128.41 | 1990.26 |
| ജൂൺ | 3005.05 | 5082.14 |
| ജൂലൈ | 3197.63 | 3400.77 |
| ആഗസ്റ്റ് | 3069.49 | 3391.01 |
| സെപ്റ്റംബർ | 3480.54 | 2654.05 |
| ഒക്ടോബർ | 3218.13 | 3855.44 |
| നവംബർ | 2939.18 | 4415.58 |
| ഡിസംബർ | 3151.64 | 3225.80 |

**സെക്ഷൻ ഓഫീസർ.**